ന്നവർ, വിദ്യാഭ്യാസം പൂർത്തീകരിക്കുവാൻ സാധ്യതയില്ലാത്തവർ, പ്രകൃതിക്ഷോഭങ്ങളുടെ കെടുതി അനുഭവിക്കുന്നവർ, ദുർഗുണപരിഹാരപാഠശാലകളിലാക്കപ്പെട്ടവർ, രോഗത്തിന്റെ ബുദ്ധിമുട്ടുകളാൽ പരാധീനതകൾ അനുഭവിക്കുന്നവർ എന്നിങ്ങനെ ബാല്യത്തിന്റെ സന്തോഷവും ചൈതന്യവും ഊർജ്ജസ്വലതയും അനുഭവിക്കുവാൻ കഴിയാതെ പോകുന്ന എല്ലാ കുഞ്ഞുങ്ങൾക്കായും ദൈവമേ........

**ലീഡർ :** പൈതങ്ങളുടെ സ്നേഹിതനായ പ്രിയ കർത്താവേ, ലോകമെമ്പാടുമുള്ള സൺഡേസ്കൂൾ പ്രവർത്തനങ്ങളെയും വിശേഷാൽ സമാജത്തിന്റെ ചുമതലയിലുള്ള കൊല്ലം ആശ്രയ, വയനാട്ടിലെ സുഗന്ധഗിരി പദ്ധതി, ചരൽക്കുന്ന് ക്യാമ്പ് സെന്റർ, കേന്ദ്ര-ഭദ്രാസനതല ക്യാമ്പുകൾ, വി.ബി.എസ് മുതലായ എല്ലാ പ്രവർത്തനങ്ങൾക്കായും ഞങ്ങൾ അപേക്ഷിക്കുന്നു. ദൈവമേ.....

**സമർപ്പണ പ്രാർത്ഥന (എല്ലാവരും ചേർന്ന്)**

കാരുണ്യവാനായ കർത്താവേ, നിന്റെ സന്നിധിയിൽ പ്രാർത്ഥനയണച്ച ഞങ്ങളുടെ ജീവിതങ്ങളെ നിനക്ക് പ്രസാദമുള്ള യാഗങ്ങളായി സമർപ്പിക്കുന്നു. ഞങ്ങളുടെ ജീവിതത്തെക്കുറിച്ചുള്ള നിന്റെ സ്വപ്നങ്ങളെ തിരിച്ചറിയുന്നതിനും അവ ഞങ്ങളുടെ ജീവിത സാഹചര്യങ്ങളിൽ നിറവേറ്റുന്നതിനും സഹായിക്കണമേ. ആരാധനയിലൂടെയും ദൈവവചന അഭ്യസനത്തിലൂടെയും അങ്ങ് സൃഷ്ടിച്ച ഈ ഭൂമിയോടും, ചരാചരങ്ങളോടും ഞങ്ങളുടെ ഉത്തരവാദിത്തങ്ങൾ നിറപടിയായി നിർവ്വഹിക്കുന്നതിലൂടെയും ഉത്തമമായ ക്രിസ്തീയ പരിപൂർണ്ണതയിലേക്ക് വളരുന്നതിന് ഞങ്ങളെ തന്നെ പൂർണ്ണമായി സമർപ്പിക്കുന്നു.

**പട്ടക്കാരൻ :** സത്യാനുതാപത്തോടെ ദൈവസന്നിധിയിൽ തങ്ങളുടെ കുറവുകളെ ഏറ്റുപറഞ്ഞിരിക്കുന്ന നമ്മുടെ ഏവരുടെയും കുറവുകളെ പരമകാരുണികനായ ദൈവം ക്ഷമിച്ചിരിക്കുന്നു. ദൈവകൃപയുടെപ്രസാദം നിറഞ്ഞവരായി ജീവിപ്പാൻ നമ്മെ ഏവരെയും സഹായിക്കുകയും ശക്തീകരിക്കുകയും ചെയ്യട്ടെ.



# മാർത്തോമ്മാ സൺഡേസ്കൂൾ സമാജം

## അഖിലലോക സൺഡേസ്കൂൾ ദിനം

**2013 നവംബർ 3 ഞായർ**

# ആരാധനാക്രമം

*(മാർത്തോമ്മാ മെത്രാപ്പോലീത്ത അംഗീകരിച്ചത്)*

**ആരാധനാ ആഹ്വാനം**

**പട്ടക്കാരൻ :** കൃപയുടെ ഉറവിടമായ ദൈവത്തിന്റെ തിരുസന്നിധിയിലേക്ക് നമുക്ക് അടുത്തുവരാം. തിരുസന്നിധിയുടെ മഹിമയെ കാണുവാൻ ഉൾക്കണ്ണുകളെ നമുക്ക് തുറക്കാം. ദൈവപ്രസാദത്തിൽ പൂർണ്ണരാകുവാൻ കർത്താവ് നമ്മെ ക്ഷണിക്കുന്നു. സ്തോത്രത്തോടും സ്തുതികളോടും കൂടെ അവന്റെ സന്നിധിയിൽ നമ്മെ തന്നെ വിനയപ്പെടുത്താം, അവനെ ആരാധിക്കാം.

**ഗാനം : ക്രിസ്തീയ കീർത്തനങ്ങൾ**

**കൗമ**

**അപേക്ഷ**

**പട്ടക്കാരൻ :** ദൈവമായ കർത്താവേ ഭാഗ്യം നൽകുന്നവയും പ്രകാശം നിറഞ്ഞിരിക്കുന്നവയുമായ നിന്റെ രശ്മികളാൽ ഞങ്ങളുടെ കണ്ണുകളെ പ്രകാശിപ്പിക്കേണമേ.മരിച്ചവരുടെ ഇടയിൽ നിന്നുള്ള നിന്റെ ഉയർത്തെഴുന്നേല്പിന്റെ ഈ ദിവസത്തിൽ ,ഞങ്ങളെ സന്തോഷിപ്പിക്കേണമേ.നിന്റെ കർത്തൃത്വത്തിന്റെ ഉദയത്താൽ ഞങ്ങളെ ആന്ദിപ്പിക്കേണമേ.ഞങ്ങളുടെ ജീവന്റെ പ്രത്യാശയും ഞങ്ങളുടെ ആത്മാക്കളുടെ രക്ഷിതാവുമായി, ഞങ്ങളുടെ കർത്താവും ദൈവവുമായ മ്ശിഹായേ,നിന്റെ കൃപയുടെ സഹായങ്ങൾ കൊണ്ട് ഞങ്ങളെ തുണയ്ക്കുകയും ചെയ്യേണമേ.

**ജനങ്ങൾ** : ആമേൻ

പട്ടക്കാരൻ : സ്നേഹനിധിയായ ദൈവമേ, ഞങ്ങളോടുള്ള നിന്റെ സ്നേഹത്തെയും കരുതലിനെയും ആഘോഷിക്കുന്ന ഇന്നേ ദിവസം നിന്റെ കരുണയുള്ള കണ്ണാൽ, നിന്റെ ആലയത്തിൽ ചേർന്നു വന്നിരിക്കുന്ന ഞങ്ങളുടെ കൊച്ചു ജീവിതങ്ങളെ കടാക്ഷിക്കണമേ. സർവ്വത്തിന്റെയും ദാതാവായ ദൈവമേ, തിരുഹിതത്തെ ഗ്രഹിക്കുവാൻ ജ്ഞാനമുള്ള ഹൃദയം ഞങ്ങൾക്ക് നൽകണമേ, നിന്റെ ദാനമാകുന്ന ഞങ്ങളുടെ കൊച്ചുജീവിതത്തെ തിരുവിഷ്ടത്തിന് യോഗ്യമായി രൂപപ്പെടുത്തുവാൻ കൃപ ചെയ്യണമേ. സ്വന്തഹിതങ്ങളിൽ നിന്ന് നിന്റെ വഴികളെ തിരിച്ചറിയുവാനുള്ള വിവേകവും നിന്റെ സ്വർഗ്ഗീയ ജ്ഞാനത്തിൽ മുതിർന്നു വരുവാനുള്ള നന്മയും ഞങ്ങളിൽ ചൊരിയണമേ.

ജനം : ആമേൻ

**അനുതാപത്തിന്റെ പ്രാർത്ഥന**

ഞങ്ങളോട് ക്ഷമിക്കണമേ എന്ന് പ്രതിവാക്യമായി പറയണം

**അദ്ധ്യാപകൻ** : തലമുറകളെ നൽകി ഞങ്ങളെ അനുഗ്രഹിച്ച നാഥാ, നിന്റെ നന്മകളെ ഞങ്ങൾക്ക് നീ ദാനമായ് നൽകിയ തലമുറകൾക്ക് ഓർമ്മപ്പെടുത്താതെയും ഞങ്ങളുടെ തലമുറകൾക്ക് ഉത്തമമാതൃകകളായി ജീവിക്കുവാൻ കഴിയാതെയും പോയ കുറവുകളെ ദൈവമേ.....

**അദ്ധ്യാപിക** : ഞങ്ങളുടെ പൂർവ്വമാതാപിതാക്കളെ വഴി നടത്തിയ നാഥ. തലമുറകളിലൂടെ ഞങ്ങൾക്ക് ലഭിച്ച വിശ്വാസപൈതൃകത്തെയും ജീവിത സംസ്കാരത്തെയും, മൂല്യങ്ങളെയും ഞങ്ങളുടെ തലമുറകൾക്ക് പങ്കുവയ്ക്കുവാൻ കഴിയാതെ പോയ കുറവുകളെ ദൈവമേ........

**ആൺകുട്ടികൾ** : ഞങ്ങളുടെ നല്ല ഗുരുവായ ദൈവമേ....അങ്ങയുടെ തിരുവചനങ്ങളെ ഗ്രഹിക്കുവാനും, അതിൽ വളരുവാനും നീ ഞങ്ങൾക്ക് ദാനമായ്



നൽകിയ തിരുസഭയെയും, സൺഡേസ്കൂൾ സമാജത്തിന്റെ പ്രവർത്തനങ്ങളെയും ഗൗരവമായെടുക്കാതെ പോയ ഞങ്ങളുടെ കുറവുകളെ ദൈവമേ..........

**പെൺകുട്ടി** : വചനത്തിന്റെ ഉറവിടമായ ദൈവമേ...ദിനംതോറും തിരുവചനം പഠിക്കുന്നതിനും പ്രാർത്ഥിക്കുന്നതിനും ഞങ്ങൾ കാണിച്ച അലസതയെയും ഞങ്ങൾ ഗ്രഹിച്ച തിരുവചനസത്യത്തിന് അനുഗണമായി ജീവിതത്തെ ക്രമപ്പെടുത്തുവാൻ കഴിയാതെ പോയതും ദൈവമേ.........

**സ്തോത്രപ്രാർത്ഥന**

ഞങ്ങൾ നിനക്കു സ്തോത്രം ചെയ്യുന്നു എന്ന് പ്രതിവാക്യമായി പറയണം

**ലീഡർ** : ഞങ്ങളുടെ മാതാപിതാക്കൾക്കായും, സ്നേഹിതർക്കായും, ബന്ധുക്കൾക്കായും ദൈവമേ.....

**ലീഡർ** : മലങ്കര മാർത്തോമ്മാ സുറിയാനി സഭയ്ക്കായും അതിന്റെ വിശ്വാസ പൈതൃകത്തിനായും പ്രത്യേകിച്ച് മെത്രാപ്പോലീത്ത, വലിയ മെത്രാപ്പോലീത്ത, തിരുമേനിമാർ,വൈദികർ,സുവിശേഷകർ,എന്നിവർക്കായും ദൈവമേ.....

**ലീഡർ** : മാർത്തോമ്മാ സൺഡേസ്കൂൾ സമാജത്തിനായും അതിന്റെ പ്രവർത്തനങ്ങൾക്കായും പ്രത്യേകമായി സമാജത്തിന് കഴിഞ്ഞ കാലങ്ങളിൽ നേതൃത്വം നല്കിയ ഏവർക്കുവേണ്ടിയും. സമാജം പ്രവർത്തനങ്ങൾക്ക് ഇപ്പോൾ നേതൃത്വം നൽകുന്ന പ്രസിഡന്റ് തിരുമേനി, ജനറൽ സെക്രട്ടറി, അസിസ്റ്റ് സെക്രട്ടറി, സമാജം പ്രവർത്തകർ, മാനേജിംഗ് കമ്മറ്റി അംഗങ്ങൾ, സമാജം ഓഫീസ് പ്രവർത്തകർ തുടങ്ങിയവർക്കായും ദൈവമേ.......

**മദ്ധ്യസ്ഥ പ്രാർത്ഥന**

ഞങ്ങളുടെ പ്രാർഥന കേൾക്കണമേ എന്ന് പ്രതിവാക്യമായി പറയണം

**ലീഡർ** : ദൈവമായ കർത്താവേ സമൂഹത്തിൽ വ്യത്യസ്തങ്ങളായ കാരണങ്ങളാൽ അനാഥത്വം അനുഭവിക്കു